**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ പിരിയാരി ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.എം.ജി ജോയ്സണിന് ചികിൽസയ്ക്ക് നേരിട്ട ചെലവ് - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം. 697/2014/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 07/03/2014**

---

പരാമർശം:- 1) ശ്രീ. ജോയ്സണിന്റെ 23/11/12 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 27/04/2013 ലെ എഫ്2-6151/13 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ പിരിയാരി ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.എം.ജി ജോയ്സണിന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് അർബുദ രോഗത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,31,016/-രൂപ (രൂപ ഒരുലക്ഷത്തി മുപ്പത്തി ഒന്നായിരത്തി പതിനാറ് മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ ₹ 1,04,813/ (രൂപ ഒരുലക്ഷത്തി നാലായിരത്തി എണ്ണൂറ്റി പതിമൂന്ന് മാത്രം) അപേക്ഷകന് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പിരിയാരി ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.എം.ജി ജോയ്സണിന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് അർബുദ രോഗത്തിന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുകയിൽ അനുവദനീയമായ തുകയുടെ 80% തുകയായ ₹ 1,04,813/ (രൂപ ഒരുലക്ഷത്തി നാലായിരത്തി എണ്ണൂറ്റി പതിമൂന്ന് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പു വരുത്തി ശ്രീ.എം.ജി ജോയ്സണിന് ചികിൽസയ്ക്ക് നേരിട്ട ചെലവിൽ അനുവദനീയ മായ തുകയുടെ 80% തുകയായ ₹ 1,04,813/ (രൂപ ഒരുലക്ഷത്തി നാലായിരത്തി എണ്ണൂറ്റി പതിമൂന്ന് മാത്രം) പിരിയാരി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അപേക്ഷകയ്ക്ക് അനുവദിക്കുന്നതിന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ആഞ്ചലോസ്.ജി**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
ശ്രീ. എം.ജി.ജോയ്സൺ, അക്കൗണ്ടന്റ്,പിരിയാരി ഗ്രാമപഞ്ചായത്ത്, പാലക്കാട്.
(പിരിയാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (LBA&A) തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
ധനകാര്യ വകുപ്പ് (19/12/2013 ലെ നമ്പർ 97057/WW3/13/ഫിൻ പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ